SANDESANILAYAM
Archeparchial Catechetical Center, Changanacherry 686 101
e-mail :sandesanilayam@gmail.com
www. sandesanilayam.org, Ph. 9446468958

നടയ്ക്കൽ പുരസ്ക്കാരം

സ്നേഹ ബഹുമാനപ്പെട്ട അച്ചാ, സാർ, ടീച്ചർ

സന്ദേശനിലയത്തിൽ നിന്നും സ്നേഹാശംസകൾ !

സന്ദേശനിലയത്തിന്റെ സുവർണ്ണജൂബിലിവർഷം മുതൽ തിരഞ്ഞെടുക്കപ്പെടുന്ന മതാധ്യാപകർക്ക് മൂന്ന് വർഷത്തിലൊരിക്കൽ നടയ്ക്കൽ പുരസ്കാരം നല്കാറുണ്ടല്ലോ. സന്ദേശനിലയത്തിന്റെ സ്ഥാപക ഡയറക്ടറായിരുന്ന ബഹു. മാത്യു നടയ്ക്കലച്ചന്റെ സ്മരണ നിലനിർത്തുന്നതിനായിട്ടാണ് ഈ പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. **7-ാമത് നടയ്ക്കൽ പുരസ്കാരം** 2027 ജനുവരി 26-ന് നടക്കുന്ന അതിരൂപത മതാധ്യാപക നേതൃസംഗമത്തിൽ വച്ച് നല്കപ്പെടുന്നതാണ്. മതബോധനരംഗത്ത് മാതൃകാപരമായ സേവനം കാഴ്ചവയ്ക്കുന്ന **ഒരു അധ്യാപകൻ, ഒരു അധ്യാപിക, ഒരു സിസ്റ്റർ** എന്നിങ്ങനെ മൂന്നു പേർക്കായിരിക്കും നടയ്ക്കൽ പുരസ്കാരം നല്കുക. പുരസ്കാരം നല്കുന്നതിന് അധ്യാപകരെ നാമനിർദ്ദേശം നല്കുന്നതിലേക്ക് ബഹു. വൈദികരുടെ / സൺഡേസ്കൂൾ അദ്ധ്യാപകരുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

- ചങ്ങനാശേരി അതിരൂപതയിൽ സേവനം ചെയ്യുന്ന ബഹു. ഇടവക വികാരിയച്ചന്മാർക്കും, സൺഡേസ്കൂൾ ഡയറക്ടർമാർക്കും, മറ്റു വൈദീകർക്കും സൺഡേസ്കൂൾ അധ്യാപകർക്കും പുരസ്കാരത്തിന് യോഗ്യരായ അതിരൂപതയിലെ ഏതൊരു സൺഡേസ്കൂൾ അധ്യാപകനെയും നടയ്ക്കൽ പുരസ്കാരത്തിനായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്.
- മൂന്നു വിഭാഗത്തിലും ഒരാളെ വീതം ഏതൊരു സൺഡേസ്കൂളിൽ നിന്നും നോമിനേറ്റു ചെയ്യാവുന്നതാണ്.
- നാമനിർദ്ദേശം ചെയ്യപ്പെടുന്നവർക്ക് താഴെ പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്.

1. മതാധ്യാപകനായി കുറഞ്ഞത് 15 വർഷം സർവ്വീസും 40 വയസ്സിൽ കുറയാത്ത പ്രായവും ഉണ്ടായിരിക്കണം.
2. സർവ്വീസ് പരിഗണിക്കുമ്പോൾ സീറോമലബാർ സഭയിലെ സൺഡേസ്കൂളുകളിൽ കുറഞ്ഞത് 15 വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണം. ആയതിൽ 10 വർഷത്തെ തുടർച്ചയായ സർവ്വീസ് ചങ്ങനാശേരി അതിരൂപതയിലെ സൺഡേസ്കൂളുകളിൽ നിന്നായിരിക്കണം. ഇപ്പോഴും സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.
3. ചങ്ങനാശേരി അതിരൂപതയിലെ മതാധ്യാപകനുണ്ടായിരിക്കേണ്ട അടിസ്ഥാന യോഗ്യതകൾ ഉണ്ടായിരിക്കണം.
4. ദൈവശാസ്ത്ര മതബോധന സംബന്ധമായ കോഴ്സുകളിലുള്ള പങ്കാളിത്തം
5. സൺഡേസ്കൂൾ രംഗത്ത് ഇടവക ഫൊറോന, അതിരൂപതാ തലങ്ങളിലുള്ള സജീവ ഭാഗഭാഗിത്വം.
6. മതബോധനരംഗത്തെ പ്രത്യേക സംഭാവനകൾ.

◆ നാമനിർദ്ദേശത്തിനായുള്ള ഫോമുകൾ സന്ദേശനിലയം വെബ്സൈറ്റിൽ (www. sandesanilayam.org) Forms എന്ന മെനുവിൽ ലഭ്യമാണ്.

നോമിനേറ്റ് ചെയ്യപ്പെടുന്ന അധ്യാപകരുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന നാമനിർദ്ദേശപത്രം പൂരിപ്പിച്ച് **2026 ഡിസംബർ 31 - നു മുമ്പായി** സന്ദേശനിലയം ഓഫീസിൽ ഏല്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതിനുശേഷം എത്തുന്ന ഫോമുകൾ പരിഗണിക്കുന്നതല്ല എന്നകാര്യം ശ്രദ്ധിക്കുമല്ലോ! എല്ലാ സഹായ സഹകരണങ്ങളും പ്രതീക്ഷിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം

ഫാ. വർഗ്ഗീസ് പുത്തൻപുരയ്ക്കൽ
(ഡയറക്ടർ)
ഫാ. സെബാസ്റ്റ്യൻ മാമ്പറ
ഫാ. ആന്റണി കിഴക്കേതലയ്ക്കൽ
(അസി. ഡയറക്ടറേഴ്സ്)

28.10.2026
Chanaganacherry

SANDESANILAYAM
Archeparchial Catechetical Center, Changanacherry 686 101,
e-mail :sandesanilayam@gmail.com
www. sandesanilayam.org, Ph. 9446468958

നടയ്ക്കൽ പുരസ്കാരത്തിനുള്ള നാമനിർദ്ദേശപത്രം

1. മതാധ്യാപകന്റെ പേരും വീട്ടുപേരും :
2. വയസ്സ് :
3. ഇടവക / സൺഡേസ്കൂൾ :
4. ആകെ സർവ്വീസ് :
5. സർവ്വീസ് സംബന്ധിച്ച് കുടുതൽ വിവരങ്ങൾ
6. മതബോധനരംഗത്തു നല്കുന്ന നേതൃത്വം
7. ഇടവകയിലെ ഇതരപ്രവർത്തനങ്ങളിലുള്ള ഭാഗഭാഗിത്വം
8. മതാധ്യാപകനെന്ന നിലയിൽ താഴെപറയുന്നവ നടപ്പിലാക്കുന്നതിലുള്ള / പങ്കെടുക്കുന്നതിലുള്ള താല്പര്യം എത്രത്തോളം
   1. മതബോധന മണിക്കൂർ, തുടർപരിശീലനം, അക്ഷരക്കളരി
   2. മാധ്യമങ്ങളുടെ ഉപയോഗം
   3. അധ്യാപക രക്ഷാകർത്തൃബന്ധം
   4. കുട്ടികളുടെ ഭവനസന്ദർശനം
   5. സൺഡേസ്കൂളിലെ മറ്റുപരിപാടികളിലുള്ള പങ്കാളിത്തം
   6. ഫൊറോനാതല സെമിനാറുകൾ / ധ്യാനം
   7. അതിരൂപതാതല പരിശീലനപരിപാടികൾ
9. ദൈവശാസ്ത്ര മതബോധന സംബന്ധമായ കോഴ്സുകളിലുള്ള പങ്കാളിത്തം (BCT, CLT, MCC, MARSC, Diploma Courses in Theology, etc).
10. മതബോധന രംഗത്തെ പ്രത്യേക സംഭാവനകൾ സാഹിത്യം / കലകൾ / മാധ്യമങ്ങൾ etc.
11. നടയ്ക്കൽ പുരസ്കാരത്തിനായി ഈ അധ്യാപകനെ നാമനിർദ്ദേശം ചെയ്യുന്നതിന് ആ വ്യക്തിക്കുള്ള മറ്റു സവിശേഷതകൾ

    നാമനിർദ്ദേശനം ചെയ്യുന്ന വൈദികന്റെ / അദ്ധ്യാപകന്റെ പേരും ....

    മേൽവിലാസവും ....

Signature

N.B.അഡീഷണൽ ഷീറ്റ് ഉപയോഗിക്കണം.